**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 801 12.12.2012 ൽ മറുപടിക്ക്

**ശാന്തിവിളയിലെ താലൂക്ക് ആശുപത്രി**

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. വി എസ് ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) നേമം നിയോജകമണ്ഡലത്തിലെ ശാന്തിവിളയിൽ സ്ഥിതി ചെയ്യുന്ന താലൂക്ക് ആശുപത്രിയെ നൂറുകിടക്കകളുള്ള ആശുപത്രിയാക്കി മാറ്റുന്നതിന് ആവശ്യമുള്ളത്ര ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി; വ്യക്തമാക്കുമോ ; | (എ) 1.3.2011 ലെ സ.ഉ. (സാ) നം.821/11/ആ.കു.വ പ്രകാരം ശാന്തിവിള സി.എച്ച്.സി യെ താലൂക്കാശുപത്രിയായി ഉയർത്തിയിട്ടുണ്ട്. അധിക തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും ലഭിച്ചിട്ടില്ല. |
| (ബി) പ്രസ്തുത ആശുപത്രിയിൽ, അത്യാഹിത വിഭാഗം, പ്രസവ വിഭാഗം, ദന്തരോഗവിഭാഗം, കണ്ണുരോഗ വിഭാഗം, എല്ലുരോഗ വിഭാഗം എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ ? | (ബി) അത്യാഹിത വിഭാഗം, കണ്ണുരോഗ വിഭാഗം, ദന്തരോഗ വിഭാഗം, എല്ലുരോഗ വിഭാഗം എന്നിവ പ്രത്യേകമായി ആരംഭിച്ചിട്ടില്ല, എന്നിരുന്നാലും രോഗികൾക്ക് 24 മണിക്കൂറും സേവനം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ